(ബി) വിലയിരുത്തിയിട്ടുണ്ട്. 2000-2001 വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ എട്ടു ജില്ലകളിൽ നടത്തിയ അന്ധതരുടെ കണക്കെടുപ്പ് കാണിക്കുന്നത് രണ്ട് കണ്ണുകൾക്കും കാഴ്ച നഷ്ടപ്പെട്ട 0.14 ശതമാനം ആളുകൾ ശസ്ത്രക്രിയ ചെയ്ത് കാഴ്ച തിരിച്ചു കിട്ടാവുന്നവരാണ്. ദേശീയ തലത്തിൽ 1.49 ശതമാനം പേർക്ക് അന്ധതയുണ്ട്. ദേശീയ തലത്തിൽ 0.3 ശതമാനം എന്ന തോതിൽ കുറച്ചുകൊണ്ടുവരാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിൽ കേരളത്തിൽ 0.14 ശതമാനം ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു.

(സി) 23 പ്രൈമറി ഹെൽത്ത് സെന്ററിലും, 11 താലൂക്ക് ആശുപത്രികളിലും നേത്രവിഭാഗം തുടങ്ങി. കൂടാതെ രണ്ടു സഞ്ചരിക്കുന്ന നേത്രവിഭാഗം തുടങ്ങി. നിലവിലുള്ള നേത്ര വിഭാഗങ്ങൾക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നേത്രരോഗ വിദഗ്ധരെ ആധുനിക ശസ്ത്രക്രിയയിൽ പരിശീലനത്തിന് സംസ്ഥാനത്തിന് പുറത്ത് അയച്ചു.

(ഡി) ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും നിയമനം നടത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താത്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) ഓരോ യൂണിറ്റിനും നേത്രരോഗ വിദഗ്ധരെയും ക്യാമ്പ് കോ-ഓർഡിനേറ്റർ, ഓഫ്താൽമിക് അസിസ്റ്റന്റ് തുടങ്ങിയ വിദഗ്ധരെയും നിയമിച്ചു പ്രവർത്തിക്കുന്നു. പ്രവർത്തനം എല്ലാമാസവും വിലയിരുത്തുന്നു.

(എഫ്) മഞ്ചേരിയിൽ ഒരു രണ്ടാം യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും ഘട്ടം ഘട്ടമായി വ്യാപിപ്പിച്ച് എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ജി) ആധുനിക ഓപ്പറേറ്റിംഗ് മൈക്രോസോഫ്ട് ഉപയോഗിച്ചുള്ള ശാസ്ത്രക്രിയകളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ലെൻസ് ഉള്ളിൽ വച്ചുള്ള ശാസ്ത്രക്രിയയും നടത്തിവരുന്നു.

പ്രവാസി ക്ഷേമ പദ്ധതി

11 (*159) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറുനാടൻ മലയാളികൾക്കും പ്രവാസികൾക്കുമായി എന്തെങ്കിലും സുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ റേഷൻ കാർഡിൽ വിദേശ കേരളീയരുടെ പേര് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) പ്രവാസി മലയാളികൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനെപ്പറ്റി പഠിക്കുന്നതിന് ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിരുന്നോ ;

(എഫ്) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ; ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

(ബി) 1997 മേയ് മാസത്തിൽ കേരള സർക്കാരും ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയും ചേർന്ന് പ്രവാസി സുരക്ഷാ സാമൂഹിക ക്ഷേമ പദ്ധതി എന്ന അപകട ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചു. പ്രവാസി കേരളീയരുടേയും അവരുടെ കുടുംബങ്ങളുടേയും സംരക്ഷണത്തിനായി പ്രവാസി സുരക്ഷാ കുടുംബ ആരോഗ്യ എന്ന ചികിത്സാച്ചെലവ് പദ്ധതി 1999 മാർച്ചിൽ ആരംഭിച്ചു. ജോലി സ്ഥലത്തും യാത്ര വേളകളിലും വിദേശത്തു ജോലി ചെയ്യുന്ന വനിതകൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 2000 ആഗസ്റ്റ് മാസത്തിൽ പ്രവാസി സുരക്ഷാ പദ്ധതി ആരംഭിച്ചു.

(സി) ഉണ്ട്.

(ഡി) ഇന്ത്യക്ക് പുറത്ത് പണിയെടുക്കുന്ന പ്രവാസികേരളീയരുടേയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയരുടേയും പേരുകൾ അടുത്ത എന്യൂമറേഷൻ നടത്തുമ്പോൾ റേഷൻകാർഡിൽ ഉൾപ്പെടുത്തുവാൻ സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചുമതലപ്പെടുത്തിയിരുന്നു.

(എഫ്) ഉണ്ട്.

(ജി) പെൻഷൻ സ്കീം അംഗീകരിച്ചുകൊണ്ടും ഇത് നടപ്പിലാക്കാൻ നോർക്കയെ ചുമതലപ്പെടുത്തികൊണ്ടും 26-02-2001-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 01/2001/ നോർക്ക പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† റിപ്പോർട്ട് പിന്നീട് ലഭ്യമാക്കുന്നതാണ്.

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[28-2-2001-ലെ നക്ഷത്ര ചിഹ്നമിട്ട 11 (*159)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

NORKA PENSION SCHEME FOR NON RESIDENT KERALITES' - APPROVED - NON RESIDENT, KERALITES WELFARE AGENCY ENTRUSTED TO IMPLEMENT THE SCHEME - ORDERS ISSUED.

NON RESIDENT KERALITES AFFAIRS (A) DEPARTMENT

G.O. (Ms) No. 1/2001/NORKA *Dated, Thiruvananthapuram, 26.02.2001*

Read : 1. G.O. (Rt) No. 21/99/NORKA dated 5.08.1999

2. Letter No. 13 (1) 2000/NORKA, dated 20.9.2000 of the Cheif Executive Officer, NORKA.

ORDER

As per the Government Order read as 1st paper above, Government had constituted an Expert Committee for conducting an in depth study and for preparing a project report for a Pension Scheme for the Non Resident Keralites. The report submitted by the Expert Committee was approved by the Executive Committee of the Non Resident Keralites' Welfare Agency in its meeting held on 30.08.2000. As per the letter read as 2nd paper the report along with the recommendations of the Executive Committee were submitted to Government for approval.

Government have examined the case in detail and are pleased to accept the Pension Scheme for Non Resident Keralites and to entrust the Non Resident Keralites' Welfare Agency for implementing the scheme. The Non Resident Keralites' Welfare Agency will take further necessary steps accordingly.

(By Order of the Governor)

C. RAMACHANDRAN

Principal Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly

To,

The Cheif Executive Officer, NORKA, Diamond Hills, Vellyambalam, Tvpm.
The Accountant General (A & E), (Audit), Kerala, Thiruvananthapuram.
The Finance Department (That Department may be requested to endorse a copy of the G.O. to the Accountant General, Kerala)
The G.A. (S.C.) Dept. (vide Item No. dated)
The Director, Public Relations Department
Stock File, Office Copy

Copy to

The Private Secretary to Cheif Minister.
The Private Secretary to Minister (Electricity & Co-operation)
The C.A. to Principal Secretary (NORKA)
The C.A. to Principal Secretary (Finance)
The C.A. to Secretary (NORKA)
The C.A. to Secretary, Finance (Exp.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[28-2-2001-ലെ നക്ഷത്ര ചിഹ്നമിട്ട 18 (*166)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ബിരുദാനന്തര ബിരുദ കോഴ്സുകൾ

മെഡിക്കൽ കോളേജ് തിരുവനന്തപുരം

	ബിരുദാനന്തര കോഴ്സ്	പഠിക്കുന്ന കുട്ടികളുടെ എണ്ണം
1.	എം. ഡി. മൈക്രോബയോളജി	2
2.	എം. ഡി. ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ	2
3.	എം. ഡി. സൈക്യാട്രി	1
4.	എം. ഡി. റേഡിയോതെറാപ്പി	2
5.	എം. എസ്സ്. ഇ. എൻ. റ്റി	1
6.	ഡി. സി. പി.	3
7.	ഡി. എം. ആർ. റ്റി	2
8.	ഡി. പി. എം. ആർ	4